വിധി കല്പിച്ചു. 19-7-33.

കോഴിക്കോട് താലൂക്ക് കൊടലാശ്ശേരം കാതിരിമകൾ കാഞ്ഞിരങ്ങാട്ട് പാത്തുമ്മബിയെ അറിയിക്കുന്നത്

നിന്റെ മേൽ മേപ്പടി താലൂക്ക നല്ലളംശ്ശേദേശത്തു പറക്കോട്ട് കാതിരിക്കോയ യാക്കാൽ ബോധിപ്പിച്ച അന്യായം തെളിവെടുത്തതിൽ കാതിരിക്കോയ നിന്നെ മൊഴിചൊല്ലീട്ടില്ലെന്നുള്ള ആക്ഷേപം ശരിയൊ എന്നുള്ള സംഗതിക്ക 1107 കക്കിടകം 24-ാംനു- നിന്റെ ബാപ്പ കാഞ്ഞിരങ്ങാട്ട് കാതിരി എന്നാളും മേപ്പടി കാതിരിക്കോയയും കൂടി കച്ചിനാംതൊടുകയിൽ പുതിയ പുരയിൽ ആലിക്കുട്ടിക്ക എഴുതികൊടുത്ത വക്കാലത്തു എന്നുപർ കൊടുക്കപ്പെട്ട ഒരു എഴുത്തുപ്രകാരം ആലിക്കുട്ടി നിന്റെ മൊഴി ചൊല്ലിയിരിക്കുന്നുവെന്നാണ് ആക്ഷേപം. ആ എഴുത്തിലെ വാചകം താഴെചേർക്കുന്നു പ്രകാരമാണ്.

എന്നാൽ 1-ാംനമ്പ്രകാരനായ എന്റെ മകൾ പാത്തുമ്മബി എന്നവളെ 2-ാംനമ്പ്രകാരനായ മേപ്പടി കാതിരിക്കോയ എന്നാൾക്ക പത്തുമിസ്ക്കാൽ മിസ്റി പൊൻകാമ്പലക്ക വിവാഹം ചെയ്തുകൊടുത്ത വഴിക്ക് സംഭോഗച്ചേർച്ചയോടുകൂടി നടന്നുവന്നിട്ടുണ്ടായിരുന്നു ഇപ്പോൾ അവർതമ്മിൽ ഒരുരഞ്ജിപ്പില്ലാതെ കണ്ടുമുഷിച്ചലിൽ നില്ക്കുകയാൽ മേപ്പടി കാര്യത്തിൽ പഞ്ചായമായി പറഞ്ഞു തീർച്ചപ്പെടുത്തികൂട്ടി അയക്കേണ്ടുന്നതായാൽ അയച്ചുകൊടുക്കേണ്ടതിലേക്ക 1-ാംനമ്പ്രകാരനായ ഞാനും തലാക്ക എന്ന കെട്ടുപാടുകളെ മൊഴിചൊല്ലി പിരിക്കുന്നതിനെ നിങ്ങൾക്ക അഭിപ്രായമാണന്ന് കാണപ്പെടുന്നപക്ഷം മൊഴിചൊല്ലി പിരിച്ചു കൊടുക്കേണ്ടതിലേക്ക 2-ാംനമ്പ്രകാരനായ ഞാനും ഇതിന്റെ താഴെ ചേർത്തെഴുതി ഒപ്പിട്ടുന്ന 4 ശാഹിദുകളും മുഖേന ഞങ്ങളും സമ്മതിച്ചു ഒപ്പിട്ടു തന്നിരിക്കുന്നു.

അതുപ്രകാരം പഞ്ചായക്കാരൻ ആലിക്കുട്ടി തീർച്ചപ്പെടുത്തിയ നിന്റെ മൊഴി ചൊല്ലി പിരിക്കേണമെന്നാണെന്നും മൊഴിചൊല്ലുവാൻ കാതിരിക്കോയയോടു പറഞ്ഞപ്പോൾ കാതിരിക്കോയ ആ തീപ്പിനെ നിഷേധിച്ചു പോയ്ക്കളഞ്ഞെന്നും അതുകൊണ്ടു പഞ്ചായക്കാരൻ ആലിക്കുട്ടിയാണ് മൊഴി ചൊല്ലിയതെന്നും തെളിഞ്ഞിരിക്കുന്നു.

മേൽപറഞ്ഞ എഴുത്തിലെ വാചകംകൊണ്ടു ആ എഴുത്ത മൊഴി ചൊല്ലിക്കൊടുപ്പാനുള്ള കരുവക്കാലത്താണെന്നു വിചാരിപ്പാൻ പാടില്ലാത്തതും അതിൽ സാക്ഷിയായി ഒപ്പിട്ട സാക്ഷികളേയും പഞ്ചായക്കാരനേയും വിസ്തരിച്ചതിലും ആലിക്കുട്ടി മൊഴിചൊല്ലിയത് ശറഅ് പ്രകാരം മതിയായതല്ലെന്നാണ് എന്റെ അഭിപ്രായം. അതിനാൽ കാതിരിക്കോയന്റെ തലാക്ക് പോയിട്ടില്ലെന്നും 14—5—33നു ഞാൻ നിന്നു മൂടിയാട്ട് പുതിയാമാളിയക്കൽ മമ്മത്കോയ മകൻ മൊയ്തീൻകോയക്കനിക്കാഹ് ചെയ്തുകൊടുത്തത് ശരിയല്ലെന്നും തീർച്ചപ്പെടുത്തിയ വിവരം നിന്നെ അറിയിക്കുന്നു.

എന്ന്, ഖാസി മുസ്ലിപ്പിള്ളകത്ത് ഇമ്പിച്ചിക്കോയതങ്ങൾ (ഒപ്പ്.)

Devi Sahayam Press, Calicut.

CENTRE FOR HADHRAMI & DIASPORA STUDIES
Mappila Heritage Library